## പതിമൂന്നാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാചോദ്യം നം. 8082 24/7/2012 ന് മറുപടിയ്ക്ക്

**പാട്ടക്കരാർ ലംഘനം- ഏറ്റെടുക്കൽ നടപടിയ്ക്കെതിരെ കേസുകൾ**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. കോടിയേരി ബാലകൃഷ്ണൻ :<br>'' വി. ചെന്താമരാക്ഷൻ :<br>'' എം. ഹംസ :<br>'' ബാബു എം. പാലിശ്ശേരി : | ശ്രീ.കെ.ബി.ഗണേഷ്കുമാർ.<br>(വനവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |
| (എ) പാട്ടത്തിനെടുത്ത ഏതെല്ലാം കേസ്സുകളിൽ പാട്ടക്കരാർ ലംഘനങ്ങളുണ്ടായിട്ടുണ്ട് ; | (എ) വനം വകുപ്പ് ഭൂമി /എസ്റ്റേറ്റ് പാട്ടത്തിനെടുത്ത ചില എസ്റ്റേറ്റുകൾ പാട്ടക്കരാർ ലംഘനം നടത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) പാട്ടക്കരാർ ലംഘനത്തെ തുടർന്ന് വനം വകുപ്പു വക ഭൂമി/എസ്റ്റേറ്റ് ഏറ്റെടുക്കൽ നടപടികൾക്കെതിരെ വന്ന കേസുകൾ ഫലപ്രദമായി കൈകാര്യം ചെയ്യുവാനുള്ള സംവിധാനങ്ങൾ എന്തൊക്കെയാണ്; | (ബി) എസ്റ്റേറ്റ് ഉടമകൾ ഫയൽ ചെയ്യുന്ന കേസുകളിൽ സർക്കാർ താല്പര്യം സംരക്ഷിക്കുന്നതിനായി കരട് കാര്യ വിവരണ പത്രിക തയ്യാറാക്കി യഥാസമയം സർക്കാരിന് സമർപ്പിച്ച് അംഗീകാരം വാങ്ങി എതിർ സത്യവാങ്മൂലം സമർപ്പിക്കുകയും അഡ്വക്കേറ്റ് ജനറൽ ആവശ്യപ്പെടുന്ന വിവരങ്ങൾ യഥാസമയം സമർപ്പിക്കുകയും ചെയ്യുന്നുണ്ട്. കേസുകൾ ഫലപ്രദമായി നടത്തുന്നതിന് അഡ്വക്കേറ്റ് ജനറൽ ആഫീസിൽ ഫോറസ്റ്റ് ലെയ്സൺ ആഫീസറേയും നിയമിച്ചിട്ടുണ്ട്. |
| (സി) വനം വകുപ്പിന്റെ തീരുമാനങ്ങൾ/ നടപടികളുടെ പേരിൽ കേസിൽ അകപ്പെട്ട എസ്റ്റേറ്റുകൾ എത്ര; അവ ഏവ; കേസുകൾ ഏതെല്ലാം ; | (സി) പാട്ടക്കരാർ റദ്ദാക്കിയതിനെതിരെ ചെറുനെല്ലി (WP(C) 15128/12), രാജാക്കാട് (WP(C) 8904/12, 9013/12, |

---------2

കോടതികളുടെ പരിഗണനയിലാണെന്ന വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

10248/12), മോങ്ക്വുഡ് (WP(C) 10120/12, WP(C) 10122/12), മീരാഫ്ളോറസ് WP(C) 18339/11, തൂത്തമ്പാറ (RSA 933/2010) എന്നിങ്ങനെ എസ്റ്റേറ്റ് അധികൃതർ ഫയൽ ചെയ്ത വിവിധ കേസുകൾ ബഹു. ഹൈക്കോടതിയുടെ പരിഗണനയിലാണ്. കൂടാതെ ചാലക്കുടി ഡിവിഷനിലെ ഹാരിസൺസ് മലയാളം പ്ളാന്റേഷൻസിന്റെ ഉടമസ്ഥതയിലുള്ള മുപ്ളിവാലി എസ്റ്റേറ്റ് ഏറ്റെടുത്തതിനെതിരെ എസ്റ്റേറ്റ് അധികൃതർ ഫയൽ ചെയ്ത കേസ് (OS 141/2009) ബഹു. ഇരിങ്ങാലക്കുട സബ്കോടതിയുടെ പരിഗണനയിലാണ്.

(ഡി) കേസുകളുടെ പൊതുസ്വഭാവം സംബന്ധിച്ച് വിശദമാക്കാമോ; കോടതി വിധിക്കെതിരെ സർക്കാർ ഭാഗം അപ്പീൽ പോയിട്ടില്ലാത്തവ ഏതൊക്കെയാണ്?

(ഡി) പാട്ടക്കരാർ റദ്ദാക്കി തോട്ടം ഏറ്റെടുക്കുന്നതിനെതിരെയാണ് പൊതുവിൽ തോട്ടം ഉടമകൾ കേസുകൾ ഫയൽ ചെയ്തിരിക്കുന്നത്. പാട്ടക്കരാർ റദ്ദുചെയ്ത് തോട്ടം സർക്കാർ ഏറ്റെടുക്കുന്നതിനു മുമ്പായി നോട്ടീസ് നൽകി പാട്ടക്കാരുടെ വാദം കൂടി കേട്ട ശേഷം പാട്ടക്കരാർ റദ്ദാക്കുമ്പോൾ ഒരു മാസത്തെ സാവകാശം കക്ഷികൾക്ക് നൽകി മാത്രം എസ്റ്റേറ്റുകൾ ഏറ്റെടുക്കാവൂ എന്ന് 13/01/2012 ൽ ബഹു. ഹൈക്കോടതി WP(C) 18916/11, WP(C) 21036/11, WP(C) 16534/11, WP(C) 16652/11, WP(C)631/12, WP(C) 264/12, 296/12,

WP(C) 33802/11 എന്നീ കേസുകളിൽ
പൊതു ഉത്തരവു പുറപ്പെടുവിക്കുക
യുണ്ടായി. ടി ഉത്തരവ് പ്രകാരം
തോട്ടം ഏറ്റെടുക്കുന്നതിനുള്ള
നടപടികൾ സ്വീകരിക്കുകയുണ്ടാ
യെങ്കിലും എസ്റ്റേറ്റ് അധികൃതർ
വീണ്ടും ബഹു. ഹൈക്കോടതിയെ
സമീപിക്കുകയും തോട്ടം ഏറ്റെടു
ക്കുന്ന നടപടിക്കെതിരെ സ്റ്റേ
ഉത്തരവ് സമ്പാദിക്കുകയും
ചെയ്തിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.